# Deepika

# 9 August 2018

# Kodamangalam, Idamalayar Dam



## ആശങ്കപ്പെടേണ്ട സാഹചര്യമില്ല: കളക്ടർ

**കോതമംഗലം:** ഇടമലയാർ ഡാമിൽനിന്നു കുറഞ്ഞ തോതിൽ ജലം ഒഴുക്കുന്നതിനാലും പെരിയാറിലെ ജലവിതാനം താഴ്ന്നു നിൽക്കുന്നതിനാലും ജനങ്ങൾ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നു കളക്ടർ മുഹമ്മദ് സഫീറുള്ള അറിയിച്ചു. പുഴയിൽ പരമാവധി ഒരു മീറ്റർ മുതൽ ഒന്നര മീറ്റർ വരെ ജലനിരപ്പുയരാനാണ് സാധ്യത.

മുന്നറിയിപ്പ് കണക്കിലെടുത്ത് ഇടമലയാർ അണക്കെട്ടിനു താഴെ പെരിയാറിന്റെ ഇരുകരകളിലുമുള്ളവർ ജാഗ്രത പാലിക്കണം. പെരിയാറിന്റെ തീരപ്രദേശങ്ങളിൽ എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ടെന്നും ആവശ്യമെങ്കിൽ ക്യാമ്പുകൾ സജ്ജമാണെന്നും കളക്ടർ അറിയിച്ചു. അണക്കെട്ട് തുറക്കുന്നതുമായി ബന്ധപ്പെട്ട് സമൂഹമാധ്യമങ്ങളിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരേ ഐടി നിയമത്തിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കും.

വസ്തുതകൾ അറിയുന്നതിന് ഔദ്യോഗിക അറിയിപ്പുകളെ ആശ്രയിക്കണം. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജായ www.facebook.com/dcekm- ലും അറിയിപ്പുകൾ യഥാസമയം ലഭ്യമാകും. കാക്കനാട് കളക്ട്രേറ്റിലെ ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്ററിൽ ടോൾ ഫ്രീ നമ്പറായ 1077ലും ബന്ധപ്പെടാം. മറ്റു നമ്പറുകൾ 7902200300, 7902200400, 04842423513. ആന്റണി ജോൺ എംഎൽഎയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഇന്നലെ ഡാം സന്ദർശിച്ചു സ്ഥിതിഗതികൾ വിലയിരുത്തി.

### ഇടമലയാർ ഡാം

## തുറക്കുന്നത് 2 ഷട്ടറുകൾ

**ജിജു ജോർജ്**

**കോതമംഗലം:** അഞ്ചു വർഷത്തിനുശേഷം ഇടമലയാർ ഡാമിന്റെ ഷട്ടറുകൾ വീണ്ടും തുറക്കുമ്പോൾ ആളുകൾക്ക് ആകാംക്ഷയേറെയാണ്. പേടിക്കേണ്ട സാഹചര്യമില്ലെന്ന് അധികൃതർ ആവർത്തിച്ചു പറയുന്നുണ്ടെങ്കിലും ആശങ്കയും കുറവല്ല.

ഇന്നലെ ഉച്ചയ്ക്ക് 12ന് ഡാമിലെ ജലനിരപ്പ് 168.20 മീറ്ററിൽ എത്തിയതോടെ അവസാന മുന്നറിയിപ്പായ റെഡ്അലർട്ട് പ്രഖ്യാപിച്ചിരുന്നു. ഇന്നു രാവിലെ അഞ്ചിനു രണ്ടു ഷട്ടറുകൾ 80 സെന്റിമീറ്റർ തുറന്ന് 164 ഘനമീറ്റർ (ക്യുമെക്സ്) എന്ന തോതിൽ വെള്ളം ഒഴുക്കിവിടാനാണ് അധികൃതരുടെ തീരുമാനം. ആകെ നാലു ഷട്ടറുകളാണ് ഡാമിനുള്ളത്.

വൃഷ്ടി പ്രദേശത്ത് ഇന്നലെ മഴ ശക്തമായിരുന്നതിനാൽ നീരൊഴുക്ക് വർധിച്ചിട്ടുണ്ട്. വൈകുന്നേരം 6.30ന് 168.72 മീറ്ററായിരുന്നു ജലനിരപ്പ്. ആദ്യം ഇന്നു രാവിലെ ആറിനു ഡാം തുറക്കാനായിരുന്നു തീരുമാനം. ജലനിരപ്പ് പെട്ടെന്ന് ഉയർന്നതോടെ അഞ്ചിനു തുറക്കാൻ തീരുമാനിക്കുകയായിരുന്നു. ഡാമിന്റെ പരമാവധി സംഭരണശേഷി 169 മീറ്ററാണ്. ഡാം തുറന്നാൽ പെരിയാറിൽ ഒന്നു മുതൽ ഒന്നര മീറ്റർ വരെ ജലനിരപ്പ് ഉയരുവാൻ സാധ്യതയുണ്ട്. ഭൂതത്താൻകെട്ട് ഡാമിനും കുട്ടിക്കലിനും ഇടയിൽ പെരിയാറിലെത്തുന്ന ജലം അഞ്ചു മുതൽ ആറു മണിക്കൂർ സമയത്തിനുള്ളിൽ ആലുവയിൽ ഒഴുകിയെത്തും.

ഇരുകരകളിലുമുള്ളവർക്ക് ജാഗ്രതാ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. പെരിയാറിന്റെ തീരത്തും മറ്റിടങ്ങളിലും ഉച്ചഭാഷിണികളിലും മറ്റുമാണ് മുന്നറിയിപ്പ് നൽകുന്നത്. പെരിയാറിലും കൈവഴികളിലും ഇറങ്ങുന്നത് നിരോധിച്ച് ജില്ലാ കളക്ടർ ഇന്നലെ വൈകുന്നേരം ഉത്തരവു പുറപ്പെടുവിച്ചു.

കഴിഞ്ഞ ഒന്നിന് പുലർച്ചെ ജലനിരപ്പ് 167 മീറ്ററിൽ എത്തിയപ്പോൾ ഓറഞ്ച് അലർട്ട് പുറപ്പെടുവിച്ചിരുന്നു. ജലനിരപ്പ് വീണ്ടും അല്പം ഉയർന്നെങ്കിലും മഴയുടെ ശക്തി കുറഞ്ഞതോടെ നീരൊഴുക്കു കുറഞ്ഞു. ഏഴിനു രാവിലെ മുതലാണ് വൃഷ്ടി പ്രദേശത്ത് വീണ്ടും മഴ കനത്തത്.